2,000 രൂപയും ആവർത്തിച്ചുണ്ടാകുന്ന നിയമലംഘനത്തിന് 5,000 രൂപയും പിഴ ഈടാക്കുന്നതാണ്. കൂടാതെ മോട്ടോർ വാഹന നിയമം സെക്ഷൻ 206(4) പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലൈസൻസ് പിടിച്ചെടുക്കാൻ വ്യവസ്ഥയുണ്ട്. ഇപ്രകാരം പിടിച്ചെടുക്കപ്പെടുന്ന ലൈസൻസ് Section 19(1A) അനുശാസിക്കുന്ന പ്രകാരം കുറ്റാരോപിതനായ വ്യക്തിക്ക് വിശദീകരിക്കാനുള്ള അവസരം നൽകിയശേഷം ആദ്യ തവണയുള്ള കുറ്റത്തിന് 3 മാസത്തേയ്ക്കും തുടർന്നും അതേ കുറ്റം ചെയ്തത് തെളിഞ്ഞാൽ ലൈസൻസ് റദ്ദാക്കാനും അധികാരപ്പെടുത്തിയിരിക്കുന്നു.

(ബി) വാഹനം ഓടിക്കുന്നതിനിടയിൽ ഡ്രൈവർമാർ ബ്ലൂടൂത്ത് ഉപയോഗിച്ച് ഫോണിൽ സംസാരിക്കുന്നത് വിലക്കിയിട്ടുണ്ടോ;

&

(സി) ഇക്കാര്യത്തിൽ നിലവിലുള്ള ആശയക്കുഴപ്പം നീക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഡ്രൈവിംഗിനിടെ ബ്ലൂടൂത്ത് സാങ്കേതികവിദ്യ ഉപയോഗിച്ച് ഫോണിൽ സംസാരിക്കുന്നത് Rules for Driving Regulations-ലെ റൂൾ 37-ന്റെ ലംഘനമാണ്. ബ്ലൂടൂത്ത് വഴി മൊബൈൽ ഫോൺ കണക്ട് ചെയ്ത് സംസാരിച്ചുകൊണ്ട് വാഹനമോടിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. ഇതിന് കേസ് എടുക്കാൻ 1988-ലെ മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയുണ്ട്.

റോഡ് സുരക്ഷ

223 (1208) ശ്രീ. മഞ്ഞളാംകുഴിഅലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽഹമീദ് :
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളോടുചേർന്നുള്ള നടപ്പാതകൾ കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുംവിധം കയ്യേറി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) യാത്രാസ്വാതന്ത്ര്യം തടയുന്ന ഇത്തരം നടപടികൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങളുടെ അനധികൃത പാർക്കിംഗിനെതിരെ വിവിധ വകുപ്പുകളോടൊപ്പം മോട്ടോർ വാഹന വകുപ്പും നടപടികൾ സ്വീകരിച്ചു വരുന്നു. 2021 ജനുവരി മുതൽ ജൂൺ വരെയുള്ള കാലയളവിൽ ആകെ 9,327 കേസുകളിലായി 20,43,250 രൂപ പിഴ ഈടാക്കുകയും W.P.(C) 11886/2021 നമ്പർ കേസിൽ ബഹു. ഹൈക്കോടതിയുടെ 8-6-2021- ലെ ഉത്തരവ് പ്രകാരം 2021 ജൂൺ 17 മുതൽ 20 വരെ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതുൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചിരുന്നു. പ്രസ്തുത നടപടികൾ തുടർന്നുവരികയാണ്.

(സി) ഡ്രൈവറുടെ കാഴ്ച മറയ്ക്കുംവിധം സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ കണ്ടെത്തി മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഡ്രൈവറുടെ കാഴ്ച മറയ്ക്കുന്ന തരത്തിൽ പൊതുനിരത്തുകളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ കണ്ടെത്തി ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി ആയവ നീക്കംചെയ്യുന്നതിന് ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിലുമായി ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ആയതിന്റെ തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ റോഡ് സേഫ്റ്റി ഫണ്ട് പ്രവൃത്തികൾ

224(1209) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ള വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, നിലവിലെ സ്ഥിതി, എന്നിവ വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഉള്ള വിശദാംശങ്ങൾ ലഭ്യമല്ല.